ഉത്തരം

(എ) രൂപകൽപ്പന ചെയ്തുവരുന്നു.

(ബി) അടങ്കൽതുക തിട്ടപ്പെടുത്തിയിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ എ.ആർ.പി. മാനദണ്ഡം അനുസരിച്ചുള്ള സമഗ്ര ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) പ്രാഥമിക പഠന നടപടികളും സർവ്വേ ജോലികളും നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഭരണ-സാങ്കേതികാനുമതിയും ഫണ്ടും ലഭിച്ചതിനുശേഷം മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളു.

അമ്പലപ്പാറ-വേങ്ങശ്ശേരി വാട്ടർ സപ്ലൈ സ്കീം

53 [1846] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ-വേങ്ങശ്ശേരി കുരുത്തിക്കുഴായ തോട്ടിൽ നിന്നും ശുദ്ധജലവിതരണ പദ്ധതി പണി ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ-വേങ്ങശ്ശേരി കുടിവെള്ള പദ്ധതിയുടെ കിണർ, ഇൻഫിൽട്രേഷൻ ഗ്യാലറി എന്നിവ പൂർത്തിയായിട്ടിട്ടുണ്ട്. പമ്പ്ഹൗസ് ഏകദേശം പൂർത്തിയായി. പമ്പ് സെറ്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2004 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മാവൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയിലെ അപാകത

54 [1847] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മാവൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുവാട്-കുതിരാടം പൈപ്പുലൈനിൽ നിന്നും മിക്ക സമയവും കുതിരാടം, കൈത്തുട്ടിമുക്ക് ഭാഗത്ത് വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഭാഗത്ത് ഒരു പ്രത്യേക പൈപ്പുലൈൻ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നത്തേക്ക് ഈ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) 2004 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കോടിമലകുന്ന് വാട്ടർ സപ്ലൈ സ്കീം

55 [1848] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിലെ കോടിമലകുന്ന് വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് എന്തു തുക ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു;

(സി) എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ 85 ശതമാനം പണി പൂർത്തിയായി. പമ്പ്സെറ്റ് സ്ഥാപിച്ചുകഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. വീടുകളിലേക്കുള്ള വ്യക്തിഗത വാട്ടർ കണക്ഷൻ കൊടുക്കുന്ന പദ്ധതിയും പൂർത്തീകരിക്കാനുണ്ട്.

(ബി) 15 ലക്ഷം രൂപ.

(സി) 60 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതനുസരിച്ച് ഒരു മാസത്തിനകം പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly